MALAYALEE ASSOCIATION OF THE UK
Kerala House, 671 Romford Road
Manor Park, London E12 5AD
Charity no. 1102663, Company no. 4934048

mauk.org
info@mauk.org
0044 (0)208 553 4667
mauklondon

27 ഒക്ടോബർ 2019

MAUK ആദരണീയരായ അംഗങ്ങളേ,

MAUK വാർഷിക ജനറൽ ബോഡി യോഗം 2019 ഒക്ടോബർ 27 ഞായറാഴ്ച്ച വൈകിട്ട് 2.30pm മണിക്ക് നടക്കുകയാണ്.

MAUK വോളന്റിയർമാർക്കും ഡയറക്ടർ ബോർഡിനും വേണ്ടി 2018ലെ ഡയറക്ടർ ബോർഡ് റിപ്പോർട്ട് അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. യു.കെയിലെ മലയാളി സമൂഹത്തിന്റെ വ്യാപക പ്രയോജനത്തിനായി ചില പ്രവർത്തനങ്ങൾ നമ്മൾ പുനരാവിഷ് കരിച്ചിട്ടുണ്ട്. കഴിഞ്ഞ എ.ജി.എം തീരുമാനിച്ച പ്രകാരം വിമെൻസ് ഫോറം രൂപീകരിച്ചു. മലയാളം ക്ലാസുകൾ പുനരാരംഭിച്ചു. പുതിയ പല സ്പോൺസർമാരുടെയും സഹായത്തോടെ വയോജനങ്ങൾക്കുള്ള പല സേവനങ്ങളും നമ്മൾ ശക്തിപ്പെടുത്തി.

കേരളത്തിന്റെ ചരിത്രത്തിലെ അങ്ങേയറ്റത്തെ പ്രകൃതിക്ഷോഭമുണ്ടായ വർഷമാണ് 2018. ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച പ്രളയമാണ് ഉണ്ടായത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് യു.കെയിൽ മലയാളി അസോസിയേഷൻ ഓഫ് യു.കെ ആണ് മുമ്പന്തിയിൽ ഉണ്ടായിരുന്നത്. MAUK ധനസമാഹരണ

യജ്ഞത്തിൽ അംഗങ്ങളും അഭ്യുദയകാംക്ഷികളും കയ്യയച്ചു സഹായിച്ചു. ഈ പ്രദേശത്തുനിന്ന് നമ്മൾ 40,000 പൗണ്ട് സമാഹരിച്ചു. യു.കെയിൽ എതെങ്കിലും മലയാളി സംഘടനകൾ പിരിച്ചതിൽ വച്ചേറ്റവും വലിയ തുകയാണിത്. നമ്മുടെ കേരളത്തിലെ ആദ്യ ദുരിതാശ്വാസ പദ്ധതിയായ വാട്ടർ ട്രീറ്റ് മെന്റ് പ്ലാന്റ് കുട്ടനാട്ടിലെ വിദൂര ഗ്രാമമായ മങ്കൊമ്പിൽ പ്രവർത്തനം തുടങ്ങിയിരിക്കുകയാണ് എന്ന വിവരം വളരെ അഭിമാനത്തോടെ ഞാൻ അറിയിക്കുകയാണ്. എഴുപതിൽപരം കുടുംബങ്ങൾക്ക് ഇന്ന് അതുവഴി ശുദ്ധജലം ലഭിക്കുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാനമായ പദ്ധതികൾ നടപ്പാക്കുന്ന സംരംഭങ്ങൾ തുടരുകയാണ്.

2018ൽ MAUK പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ പരിശ്രമിച്ച നമ്മുടെ എല്ലാ വോളന്റിയർമാരെയും അഭ്യുദയകാംക്ഷികളെയും സ്പോൺസർമാരെയും മീഡിയ പങ്കാളികളെയും ഞാൻ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയാണ്. തുടർന്നും നിങ്ങളുടെ പിന്തുണയും സഹായങ്ങളും തേടുകയും ചെയ്യുന്നു.

ഈ വാർഷിക യോഗത്തിൽ പങ്കെടുക്കുകയും വിലപ്പെട്ട ആശയങ്ങളും നിർദേശങ്ങളും മുന്നോട്ടുവച്ച് നമ്മുടെ അസോസിയേഷനെ ശക്തിപ്പെടുത്തുകയും ചെയ്യാൻ ഞാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

അനിൽ കുമാർ എടവന

കമ്പനി സെക്രട്ടറി

**MAUK**